മാതൃഭൂമി

02 November 2017

# ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് സി.എം.എഫ്.ആർ.ഐ.യിൽ പരിശീലനം

കൊച്ചി: കടലിൽനിന്നും ഉൾനാടൻ ജലാശയങ്ങളിൽ നിന്നും പിടിക്കുന്ന മീനുകളുടെ അളവ് ശാസ്ത്രീയമായി തിട്ടപ്പെടുത്തുന്നതിന് സംസ്ഥാന ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) പരിശീലനം നൽകി. സി.എം.എഫ.്ആർ.ഐ. വികസിപ്പിച്ചതും വർഷങ്ങളായി ഈ രംഗത്ത് ഉപയോഗിക്കുന്നതുമായ 'സ്ട്രാറ്റിഫൈഡ് മൾട്ടി സ്റ്റേജ് റാൻഡം സാംപ്ലിങ്' എന്ന ശാസ്ത്രീയ രീതിയാണ് ഉദ്യോഗസ്ഥരെ പരിശീലിപ്പിച്ചത്. ഹാർബറുകളിൽ നിന്നും മറ്റ് മീൻപിടുത്ത കേന്ദ്രങ്ങളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ നിജപ്പെടുത്താനും അതുവഴി സംസ്ഥാനത്തെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വിവരസമാഹരണം ഏകോപിപ്പിക്കുകയുമാണ് പരിശീലന പരിപാടിയുടെ ലക്ഷ്യം. പരിശീലന പരിപാടിയുടെ ഭാഗമായി ഹാർബർ സന്ദർശനം, പ്രായോഗിക പരിശീലനം എന്നിവയുമുണ്ടായിരുന്നു. മൂന്ന് ദിവസത്തെ പരിശീലന പരിപാടിയിൽ വിവിധ ജില്ലകളിൽ നിന്നായി ഫിഷറീസ് സബ് ഇൻസ്പെക്ടർമാരും എന്യൂമറേറ്റർമാരുമാണ് പങ്കെടുത്തത്. സി.എം.എഫ്.ആർ.ഐ.യിലെ ഫിഷറി റിസോഴ്സ് അസസ്മെന്റ് വിഭാഗമാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. ഈ വിഭാഗത്തിലെ ശാസ്ത്രജ്ഞരായ ഡോ. ടി.വി. സത്യാനന്ദൻ, ഡോ. ജെ. ജയശങ്കർ, ഡോ. സോമി കുര്യാക്കോസ്, ഡോ കെ.ജി. മിനി, ഡോ. എൽദോ വർഗീസ് തുടങ്ങിയവർ പരിശീലനത്തിന് നേതൃത്വം നൽകി.